കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാഴക്കാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/1756/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 29-07-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം )
വാഴക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം7/1756/2019 തിയ്യതി: 29-07-2019

**മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-02-2019 മുതൽ 18-06-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-06-2019 മുതൽ 01-07-2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (HG) |
| ശ്രീ. അഷ്റഫ് കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുജാത എം | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. എം. ഹാജറുമ്മ | 01.04.2018 മുതൽ 18.12.2018 വരെ |
| ശ്രീ. ജൈസൽ സി (വൈസ്.പ്രസി. ഇൻ ചാർജ്ജ്) | 19.12.2018 മുതൽ 16.01.2019 വരെ |
| ശ്രീമതി. കെ.എം ജമീല | 17.01.2019 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.ജിനചന്ദ്രൻ.പി | 01.04.2018 മുതൽ 20.03.2019 വരെ |
| ശ്രീമതി.ശ്രീകുമാരി.എൽ(അസി.സെക്രട്ടറി-ഇൻ ചാർജ്ജ്) | 21.03.2019മുതൽ 31.03.2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ചന്ദ്രദാസ് ജി | 01.04.2018 മുതൽ 30.06.2018 വരെ |
| | ശ്രീ.ഹുമയൂൺ കബീർ | 01.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീകുമാരി.എൽ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മുഹമ്മദ് അമീൻ.എ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജിഷില.കെ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എം രാമചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രേണുക കൊല്ലീരി | 01.04.2018 മുതൽ 29.11.2018FN വരെ |
| | ശ്രീമതി. ടിൻസി ടോം | 29.11.2018AN മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബാസിമ പി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.രഞ്ജുമോൻ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.അനല,എസ്.മേനോൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല | 2-1 |
| 14 | തൊഴിൽ നികുതി അപാകതകൾ. | 2-2 |
| 15 | ചിറക്കൽ അംഗനവാടി - മണ്ണ് നീക്കം ചെയ്തതിൽ ക്രമക്കേടുകൾ | 2-3 |
| 16 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. | 2-4 |
| 17 | രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഓഡിറ്റ് നിർദ്ദേശം പാലിക്കുകയോ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. | 2-5 |
| 18 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-6 |
| 19 | കെട്ടിടനിർമ്മാണ അപേക്ഷ /ഫയൽ/അപേക്ഷ രജിസ്റ്റർ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് തുടങ്ങിയവയിലെ അപാകതകൾ. | 2-7 |
| 20 | കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം, വസ്തുനികുതി കുറവ്. | 2-8 |
| 21 | കെട്ടിടത്തിന്റെ വശങ്ങളിലെ തുറസ്സായ സ്ഥലം കുറവ്-ചട്ടം ലംഘിച്ച് അനുമതി നൽകി | 2-9 |
| 22 | കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല | 2-10 |
| 23 | മേഖല തെറ്റായി കണക്കാക്കിയും വഴി വർദ്ധന കണക്കിലെടുക്കാതെയും നികുതി നിർണ്ണയിച്ചു. | 2-11 |
| 24 | സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചു-2035/- രൂപ നഷ്ടം | 2-12 |
| 25 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല | 2-13 |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 26 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 3-1 |
| 27 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-2 |
| 28 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല. | 3-3 |
| 29 | മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-4 |
| 30 | എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 |
| 31 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-6 |
| 32 | കുടുംബശ്രീ ഗ്രൂപ്പ് സംരംഭത്തിന് സബ്സിഡി - രേഖകൾ അപൂർണ്ണം | 3-7 |

| | | |
|---|---|---|
| 33 | കുടുംബശ്രീ ഹോട്ടൽ - ബാക്ക് എൻഡ് സബ്സിഡി തുക ബാങ്കിന് കൈമാറിയില്ല | 3-8 |
| 34 | പത്രമാധ്യമങ്ങളുടെ ചാർജ്ജ് നൽകിയത് - ഭരണ സമിതി തീരുമാനം നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | 3-9 |
| 35 | എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികളെ ആദരിക്കൽ - രേഖകൾ അപൂർണ്ണം | 3-10 |
| 36 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 3-11 |
| | ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 48 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 49 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 50 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 26.03.2018 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31-07-2019 | 03.05.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | 19.06.2019 മുതൽ 01.07.2019 വരെ | |

| | | |
|---|---|---|
| 2018-19 | (2018-19ഓഡിറ്റിന്റെ ഭാഗമായി) | കെ.എസ്.എ.എം.പി.എം.7/1756/19 തിയതി 29-07-19 |

# 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 11059263 |
| വരവ് | 80188712 |
| ആകെ | 91247975 |
| ചെലവ് | 71686419 |
| നീക്കിയിരുപ്പ് | 19561556 |

# 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17997000 | 17997000 | 16660211 | 1336789 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9518000 | 9518000 | 7884900 | 1633100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 255000 | 255000 | 110600 | 144400 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 4495000 | 4495000 | 1915001 | 2579999 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 3755000 | 3755000 | 3647276 | 107724 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8353000 | 8353000 | 4353570 | 3999430 |
| സാക്ഷരത | 3165 | 127 | 3292 | 0 | 3292 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (അഡ്മിനിസ്ട്രേഷൻ) | 373598 | 463820 | 837418 | 816236 | 21182 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (ഇ.എഫ്.എം.എസ്) | 0 | 26124063 | 26124063 | 26124063 | 0 |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 30000 (270000 Govt.Redumption) | 2739040 | 303940 | 2564039 | 475001 |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 0 | 1105120 | 1105120 | 1105120 | 0 |
| ബി. ഫണ്ട് | 0 | 57820240 | 57820240 | 57820240 | 0 |
| തനത് ഫണ്ട് ബാങ്ക് | 10743917 | 12747099 | 23491016 | 15890558 | 7600458 |
| തനത് ഫണ്ട് ട്രഷറി | -716704 | 21300218 | 20583514 | 13351685 | 7231829 |
| എസ്.എസ്.എ | 149237 | 5292 | 154529 | 0 | 154529 |
| സ്പെഷ്യൽ ടി.എസ്.ബി (ജോയിന്റ് വെഞ്ചർ) | 30000 | 4114160 | 4144160 | 3669159 | 475001 |
| ഇ.പേയ്മെന്റ് | 30240 | 30208 | 60448 | 1789 | 58659 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ-സാന്റ് | 266047 | 4655173 | 4921220 | 1080556 | 3840664 |
| എസ്.ബി.ഐ-ലൈഫ് | 0 | 4904535 | 4904535 | 4824880 | 79655 |
| പി.എൻ.ബി-ഡിസ്ട്രസ്സ് റിലീഫ് | 2929 | 103 | 3032 | 71 | 2961 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 89943974 | 179 | 52237221 | 64 | 26 | 58.07 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 373598 | 463820 | 837418 | 816236 | 21182 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, | 0 | 26124063 | 26124063 | 26124063 | 0 |
| ആകെ | 373598 | 26587883 | 26961481 | 26940299 | 21182 |

# 1-8 ക്ഷേമപദ്ധതികൾ.

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 567840 | 314 |
| കർഷകതൊഴിലാളിപെൻഷൻ | 13757600 | 1171 |
| വിധവാപെൻഷൻ | 13747300 | 1126 |
| വാർദ്ധക്യകാലപെൻഷൻ | 21818200 | 1958 |
| വികലാംഗപെൻഷൻ | 6826200 | 578 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 816000 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |
| നെൽകൃഷി ബോണസ്സ് | 47100 | 166 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 19.06.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 110,98/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പൊതുവായ പോരായ്മകൾ താഴെ പറയുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതിയിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനിയർ, അഗ്രികൾച്ചറൽ ഓഫീസർ എന്നിവർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതിയിട്ടില്ല.
3. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാര്യക്ഷമമായി സൂക്ഷിക്കുന്നില്ല.
4. രസീത് പരിശോധന-മേൽനോട്ടം കാര്യക്ഷമമായി നടത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2019 | 01.05.2019 മുതൽ 31.05.2018 വരെ | 13.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.11.2016 മുതൽ 15.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 08.02.2017 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ.

1). വാർഷിക ധനകാര്യ പത്രികയുടെ കൂടെ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ) സമർപ്പിച്ചിട്ടില്ല.
2). അസറ്റ് രജിസ്റ്ററിൽ ആസ്തികളുടെ വില രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3). ഡെപ്പോസിറ്റ് വർക്കുകൾക്ക് അഡ്വാൻസുകൾ നൽകിയതായി കാണുന്നുണ്ടെങ്കിലും അവ "Advance to implimenting agencies" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

4) 2014 മുതൽ പ്രവർത്തിപ്പിക്കാതെ തുടരുന്ന SSAഫണ്ടിനുള്ള SBI കൊണ്ടോട്ടി ബ്രാഞ്ച്- 67010286900 നമ്പർ ബാങ്ക് അക്കൗണ്ടിൽ 154529 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ടി അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.03/25-06-19 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു, അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല

പരിശോധനക്ക് ഹാജരാക്കിയ വാടക ഡിമാന്റ് , പിരിവ് രജിസ്റ്റർ പരിശോധിച്ചതിൽ വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാനുള്ളതായി കാണുന്നു.

1.ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എടവണ്ണപ്പാറ ബസ് സ്റ്റാന്റ് കെട്ടിട സമുച്ചയത്തിലെ ആറ് മുറികളുടെ വാടക /കുടിശ്ശികയടക്കം 3,69,504/- രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നമ്പർ | റൂം നമ്പർ | വാടകക്കെടുത്ത വ്യക്തി | 2018-19 വർഷത്തിൽ ആകെ വാടക (നികുതിയടക്കം) | 31.03.2018 വരെയുള്ള കുടിശ്ശിക | ആകെ |
|---|---|---|---|---|---|
| 1 | 7 | മുഹമ്മദ് ഷരീഫ്. ചെറുകുണ്ടിൽ | 41472 | 22608 | 64080 |
| 2 | 24 | കെ.കെ.മുഹമ്മദ് | 70820 | 21450 | 92270 |
| 3 | 25 | റഷീദലി കാരിയോട് വീട് | 88913 | 53860 | 142773 |
| 4 | 4A | റഹ്മത്തുള്ള പൂക്കോട്ടുചോല | 14652 | 8870 | 23522 |
| 5 | 7A | നിഹ്മത്തുള്ള പട്ടാക്കൽ | 15172 | 5514 | 20686 |
| 6 | 13A | അബ്ദുൾ ഗഫൂർ തയ്യില്ലൊടികയിൽ | 22150 | 4023 | 26173 |
| ആകെ 31.03.2019 വരെയുള്ള കാലയളവിൽ ഈടാക്കാനവശേഷിക്കുന്ന തുക | | | | | 3,69,504 |

2.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാഴക്കാട് വില്ലേജിൽ ബ്ലോക്ക് 19 റി.സ.12/9 ൽപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ 7/83 നമ്പർ കെട്ടിടം (വിസ്തീർണ്ണം 226.68m2) 2010 ജൂൺ മുതൽ വാഴക്കാട് പോലീസ് സ്റ്റേഷനായി ഉപയോഗിക്കുന്നതിന് വാടകക്ക് നൽകിയിട്ടുണ്ട്. മേൽ കെട്ടിടത്തിന് പി.ഡബ്ല്യു.ഡി നിശ്ചയിച്ച നൽകിയ മാസ വാടക 4961/- രൂപ നിരക്കിലാണ് 01.06.2010 മുതൽ കെട്ടിടം അനുവദിച്ചിട്ടുള്ളത്. എന്നാൽ 2010 ഒക്ടോബർ മാസം വരെയുള്ള വാടക മാത്രമാണ് അടവാക്കിയത്. എന്നാൽ ഈ കാലയളവിലും നികുതി ഒഴികെയുള്ള തുക മാത്രമാണ് അടവാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ 2010 നവംബർ മുതലുള്ള വാടക (നികുതി + പിഴപ്പലിശ അടക്കം) അടവാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറി കത്ത് നൽകിയതായി കാണുന്നുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2010 നവംബർ മുതൽ 31.03.2019 വരെയുള്ള വാടക (നികുതി അടക്കം) ഇനത്തിൽ 13,36,752/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം.22 / 29.06.2019)

## 2-2 തൊഴിൽ നികുതി അപാകതകൾ.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ തൊഴിൽ നികുതി പിരിവിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ | ഒന്നാം അർദ്ധവാർഷിക വരുമാനം | രണ്ടാം അർദ്ധവാർഷിക വരുമാനം | ഒന്ന്, രണ്ട് അർദ്ധവാർഷികങ്ങളിലായി ആകെ ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | ഷിബു.എ.പി, ടെക്നിക്കൽ അസിസ്റ്റന്റ് | 1,26,000 | 1,28,520 | 1250 |

| | | | | |
|---|---|---|---|---|
| | | | ( 1250/- രൂപ അടവാക്കിയിട്ടുണ്ട്.) | |
| 2 | ശശി, സ്വീപ്പർ | 51,030 | 51,030 | 900 (450+450) |
| 3 | രാജൻ, സ്വീപ്പർ | 51,030 | 51,030 | 900 (450+450) |
| 4 | രോജിൻ , സ്വീപ്പർ | 51,030 | 51,030 | 900 (450+450) |
| 5 | കൊറ്റിക്കുട്ടി, സ്വീപ്പർ | 51,030 | 51,030 | 900 (450+450) |
| 6 | അസൈൻ, സ്വീപ്പർ | 28,350 | 28,350 | 360(180+180) |
| ആകെ | | | | 5210/- |

2.വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 528 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയും. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. ആകെയുള്ള 528 സ്ഥാപനങ്ങളിൽ 14 എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 514 സ്ഥാപനങ്ങളിലായി 1,028 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി ഏറ്റവും കുറഞ്ഞത് (1028x450x2) 9,25,200/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. കൂടാതെ ലൈഫ് കെയർ ആശുപത്രി, ഇഖ്റ ഹോസ്പിറ്റൽ തുടങ്ങിയ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും റിട്ടേണിൽ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടേയും വിവരം നൽകിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ പാരമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ മുഴുവൻ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. മുൻ വർഷ റിപ്പോർട്ടുകളിലും മേൽ അപാകതകൾ പരാമർശിച്ചിട്ടും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായും കാണുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃത മാർഗ്ഗത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-3 ചിറക്കൽ അംഗനവാടി - മണ്ണ് നീക്കം ചെയ്തതിൽ ക്രമക്കേടുകൾ

ചിറക്കൽ അംഗനവാടിക്കായി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച വാഴക്കാട് വില്ലേജിലെ 138/4 റീ സർവ്വെയിൽപ്പെട്ട സ്ഥലം നിർമ്മാണയോഗ്യമാക്കുന്നതിനായി സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മലപ്പുറം ജില്ലാ മൈനിംഗ് & ജിയോളജിക്ക് നൽകിയ A3-13/17 തിയതി.04.04.2018 കത്തിന് പൊതു ആവശ്യത്തിലേക്കായി ധാതുക്കൾ ഖനനം ചെയ്യുന്നതിന് വകുപ്പിന്റെ അനുമതി ആവശ്യമില്ലായെന്നും ടി ധാതു പുറത്തേക്ക് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ നിശ്ചിത റോയൽറ്റി അടച്ച് ധാതു നീക്കം ചെയ്യുന്നതിനുള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ സമ്പാദിക്കേണ്ടതാണെന്നും അറിയിച്ചു (ഡി.ഒ.എം/എം-1491/2018 തിയതി.07.07.2018). പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കുയും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെങ്കിൽ 1150 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ “ ഈ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ പ്ലാൻ പ്രകാരം 1150 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതാണെങ്കിലും 1150 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുപകരമായി 214 ക്യൂബിക് മീറ്റർ മണ്ണാണ് നീക്കം ചെയ്യുന്നതെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് സെക്രട്ടറി ജില്ലാ മൈനിംഗ് & ജിയോളജിക്ക് A1-1491/18 തിയതി 12.07.2018 നമ്പർ കത്ത് നൽകി. ആയതിന് ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 214 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനായി റോയൽറ്റിയായി ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ 8560/- രൂപയും (ചലാൻ നമ്പർ. KL007848632201819M Dtd.05.11.2018 ST: Manjeri) ഡിസ്ട്രിക്ട് മിനറൽ ഫൌണ്ടേഷൻ ഫണ്ടിലേക്ക് 856/- രൂപയും അടവാക്കി ട്രാൻസിറ്റ് പാസിനായി അപേക്ഷിക്കുകയും 214 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 12.11.2018 മുതൽ 21.11.2018 വരെ കാലാവധിയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 13.12.2017 തിയതിയിലെ 10774/M3/2017 നമ്പർ സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി 86 മിനറൽ ട്രാൻസിറ്റ് പാസുകൾ 139/2018-19/ഒഇ/ഡി.ഒ.എം/എം- 1491/2018 തിയ്യതി.05.11.2018 നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണ് നീക്കം ചെയ്ത് പുറത്തുകൊണ്ടു പോകുന്നതിനുള്ള അവകാശം നൽകുന്നതിനുള്ള ലേലം 17.12.2018 ന് 11.30 ന് പഞ്ചായത്ത് ഓഫീസിൽ വെച്ച് നടത്താൻ തീരുമാനിക്കുകയും ആയതിനുള്ള പരസ്യം നൽകുകയും ചെയ്തു (A1-3250/18 തിയതി. 07.12.2018). ലേല പരസ്യത്തിന്റെ അടിസ്ഥാനത്തിൽ 5000/- രൂപ നിരതദ്രവ്യം കെട്ടിവെച്ചുകൊണ്ട് 12 പേർ ലേല ദിവസം ഹാജരായെങ്കിലും ലേല നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സ്ഥലത്തെ മണ്ണ് എടുത്തു മാറ്റുവാനുള്ള അവകാശം മുഹമ്മദ് ബഷീർ, പുത്തൻ പീടിയേക്കൽ, ഊർക്കടവ്, ആക്കോട് എന്നവർക്ക് നൽകാൻ (പഞ്ചായത്ത് ഭരണസമിതിയുടെ 24.12.2018 ലെ 2/4 തീരുമാനം) തീരുമാനിച്ചതായി കാണുന്നു. 139/2018-19/ഒഇ/ഡി.ഒ.എം/എം- 1491/2018 തിയ്യതി.05.11.2018 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ട്രാൻസിറ്റ് പാസുകളുടെ കാലാവധി അവസാനിച്ചതിനാൽ 21.01.2019 മുതൽ 29.01.2019 വരെ കാലാവധിയുള്ള 86 പാസുകൾ ലഭ്യമാക്കി താഴെപ്പറയുന്ന നിബന്ധനകൾക്ക് പാലിച്ച് കൊണ്ട് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുവാദം ടിയാന് A1-3250/11.01.2019 നമ്പർ കത്ത് പ്രകാരം നൽകിയതായും കാണുന്നു .

1.സാധാരണമണ്ണ് കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹന നമ്പറും തിയതിയും സമയവും പാസ്സിൽ കാണിച്ചിരിക്കണം.

2. അനുമതി ലഭിച്ച അളവിലുള്ള മണ്ണ് മാത്രമേ നിയമാനുസൃതം കൊണ്ടുപോകാവൂ.

3. മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി സമീപവാസികൾക്കും പരിസ്ഥിതിക്കും ദോഷകരമാംവിധം നടത്തുവാൻ പാടുള്ളതല്ല.

4. നീക്കം ചെയ്യുന്ന മണ്ണ് നെൽവയലിലും തണ്ണീർ തടത്തിലും നിക്ഷേപിക്കുവാനും പാടുള്ളതല്ല.

5. സർക്കാർ പ്രവൃത്തി ദിവസങ്ങളിൽ പകൽസമയം 10 മണി മുതൽ 5 മണി വരെ മാത്രമേ മണ്ണ് നീക്കം ചെയ്യാൻ പാടുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് പരിശോധനക്ക് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മണ്ണ് നീക്കം ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ചിറക്കൽ അംഗനവാടിക്കായി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം കെട്ടിട നിർമ്മാണയോഗ്യമാക്കുന്നതിനായി സ്ഥലത്തുനിന്നും 1150 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് മറികടന്ന് 214 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിയാണ് സെക്രട്ടറി ആവശ്യപ്പെട്ടത്. ഇത്തരത്തിലുള്ള തീരുമാനത്തിന് കാരണം വ്യക്തമല്ല.

2. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിയും മിനറൽ ട്രാൻസിറ്റ് പാസുകളും ലഭിച്ചിട്ടും ലേല നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കിയില്ല. 05.11.2018 ന് മലപ്പുറം ജില്ലാ മൈനിംഗ് & ജിയോളജി കാര്യാലയത്തിൽ നിന്നും ട്രാൻസിറ്റ് പാസുകൾ ലഭ്യമായെങ്കിലും പാസുകളുടെ കാലാവധിയും അവസാനിച്ചതിനുശേഷം 07.12.2018 നാണ് ലേല പരസ്യം പോലും തയ്യാറാക്കിയത്.

3. 17.12.2018 ന് നടന്ന ലേലത്തിന് 12 പേർ ഹാജരായെങ്കിലും ആരും തുക വിളിക്കാതിരുന്ന സന്ദർഭത്തിൽ ആദ്യ ലേലം സംബന്ധിച്ച വിവരം ലഭ്യമാക്കുകയോ പുനർലേല നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നതിൽ നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളിൽ സുതാര്യതയില്ലെന്ന് വ്യക്തമാവുന്നു.

4. പഞ്ചായത്ത് ഭരണസമിതിയുടെ 24.12.2018 ലെ 2/4 തീരുമാനത്തിൽ ചിറക്കൽ അംഗനവാടി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണ് എടുത്തുമാറ്റുന്നതിനായി സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത മുഹമ്മദ് ബഷീർ എന്നവരുടെ പ്രകാരം ക്വട്ടേഷൻ അംഗീകരിക്കുന്നതായി പറയുന്നുണ്ടെങ്കിലും ക്വട്ടേഷൻ ക്ഷണിക്കാനുള്ള തീരുമാനം , നോട്ടീസ് ,വ്യക്തികൾ സമർപ്പിച്ച ക്വട്ടേഷനുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

5. നീക്കം ചെയ്യാനുള്ള മണ്ണിന്റെ അളവ് ക്യൂബിക് മീറ്ററിലാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ മുഹമ്മദ് ബഷീർ എന്നവർക്ക് മിനിലോറിക്ക് 95 രൂപ എന്ന നിരക്കിലാണ് അനുമതി നൽകിയിട്ടുള്ളത്. മണ്ണ് നീക്കം ചെയ്യുന്നതിനായി ഒരേ കപ്പാസിറ്റികളുള്ള വാഹനങ്ങളല്ല ഉപയോഗിച്ചതെന്ന് ട്രാൻസിറ്റ് പാസുകൾ പരിശോധിക്കുന്നതിൽ നിന്ന് വ്യക്തമാണ്.

6. അനുമതി ലഭിച്ച അളവിലുള്ള മണ്ണ് മാത്രമേ പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്തിട്ടുള്ളൂയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

7. സർക്കാർ പ്രവൃത്തി ദിവസങ്ങളിൽ പകൽസമയം 10 മണി മുതൽ 5 മണി വരെ മാത്രമേ മണ്ണ് നീക്കം ചെയ്യാൻ പാടുള്ളൂ എന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 13.12.2017 തിയതിയിലെ 10774/M3/2017 നമ്പർ സർക്കുലറിലും അനുമതിയിലും വ്യക്തമാക്കുന്നുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

8.ലഭ്യമായ മുഴുവൻ പാസുകളും ഉപയോഗിച്ച് ചിറക്കൽ അംഗനവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലത്ത് നിന്ന് മണ്ണ് എടുത്ത് മാറ്റിയിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ ലഭിച്ച തുക നാളിതു വരേയും ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് 14/ 27.06.2019 ഓഡിറ്റ് എൻക്വയറി നൽകി. ചിറക്കൽ അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2018-19 വർഷത്തിൽ പദ്ധതി വെച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തെ മണ്ണ് നീക്കം ചെയ്തെങ്കിൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ സാധിക്കൂ എന്നതിനാൽ എത്രയും വേഗം കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി ക്വട്ടേഷൻ അംഗീകരിച്ചവർക്ക് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുകയാണുണ്ടായതെന്നും ഈ ഇനത്തിലുള്ള

തുക ഈടാക്കാത്ത വിവരം വിട്ടുപോയതാണെന്നും സെക്രട്ടറി മറുപടി നൽകി. 2.5 ക്യൂബിക് മീറ്റർ ഒരു ലോഡ് എന്ന നിലയിലാണ് നിരക്ക് കണക്കാക്കിയതെന്നും അറിയിച്ചു. എൻക്വയറിയെ തുടർന്ന് 119060101651/29.06.2019 രശീതി പ്രകാരം 9642 /- ( 8170+ GST 1472) രൂപ അടവാക്കി.

മറുപടി അംഗീകരിക്കാവുന്നതല്ല. 2.5 ക്യൂബിക് മീറ്റർ ഒരു ലോഡ് എന്ന നിലയിലാണ് അനുമതി നൽകിയതെങ്കിലും 86 പാസുകൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്തപ്പോൾ ഓരോ ലോഡിലും നീക്കം ചെയ്ത മണ്ണിന്റെ അളവ് വ്യത്യസ്തമാണ്. അനുമതി ലഭിച്ച അളവിലുള്ള മണ്ണ് മാത്രമേ പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്തിട്ടുള്ളൂയെന്നും നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ഉറപ്പുവരുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് മറികടന്ന് 214 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്താൽ മതിയെന്ന് സെക്രട്ടറി തീരുമാനിക്കാനുള്ള കാരണവും അനുമതി ലഭിച്ചതിലും കൂടുതൽ മണ്ണ് നീക്കം ചെയ്തിട്ടില്ലെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്യാത്ത സാഹചര്യത്തിൽ സർക്കാരിലേക്കും ഗ്രാമപഞ്ചായത്തിനും ഈ ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച ചില സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 164 | ആശി ആശുപത്രി |
| 2 | 240 | ഫിസിയോ തെറാപ്പി, എടവണ്ണപ്പാറ |
| 3 | 317 | ഡോക്ടേഴ്സ് മെഡിക്കൽ ലാബ് |
| 4 | 403 | ഗ്രീൻസ് ഹെൽത്ത് കെയർ |
| 5 | 456 | അൽ അമീൻ പോളി ക്ലിനിക് |
| 6 | 460 | ഭംഗി ഡെന്റൽ ക്ലിനിക് |
| 7 | 465 | അൽ ഷിഫ ഫാമിലി ഡെന്റൽ ക്ലിനിക് |

എന്നാൽ മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ചട്ടങ്ങൾ പാലിക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/25.06.19 ന്

ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് മാത്രം പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള പിഴയും അധിക പിഴയും ഈടാക്കി രജിസ്റ്റർ ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ് .

## 2-5 രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഓഡിറ്റ് നിർദ്ദേശം പാലിക്കുകയോ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതും ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം രജിസ്റ്റർ ചെയ്യേണ്ടതും, ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അൻപതു രൂപ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. **സെക്ഷൻ 267 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുകയോ പരിപാലിക്കുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറു രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.**

വാഴക്കാട് ഗ്രാമപഞ്ചായത്ത് 11 ാം വാർഡിൽ എടവണ്ണപ്പാറ അങ്ങാടിയിൽ 11/1967, 11/1968, 11/1969 എന്നീ നമ്പർ കെട്ടിടങ്ങളിലായി ട്യൂഷൻ സെന്റർ (ആൽഫ അക്കാദമി-എടവണ്ണപ്പാറ) നടത്തുന്നതിനായി ശ്രീമതി. സൗദാബി എം.എ, മംഗലശ്ശേരി വീട്, വാഴക്കാട് എന്നവർക്ക് 85/18-19 നമ്പർ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം ഉൾപ്പടെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മുൻവർഷ ഓഡിറ്റ് വേളയിലും മേൽ സ്ഥാപനത്തിന്റെതുൾപ്പടെയുള്ള എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകുകയും ഇക്കാര്യം 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തതാണ്. എന്നിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതും വിവരങ്ങൾ/മറുപടി ലഭ്യമാക്കാത്തതും ശരിയായ നടപടിയല്ല എന്നത് സൂചിപ്പിച്ചും ഇത് സംബന്ധിച്ച് വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 05/25.06.19 നം ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ, 29.06.19ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ കെട്ടിട നിർമ്മാണ സ്ഥല പരിശോധനാ വേളയിൽ ചില ടൂട്ടോറിയൽ സ്ഥാപനങ്ങളും പരിശോധിച്ചു.

മേൽ പരിശോധനയിൽ, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം രജിസ്റ്റർ ചെയ്യാതെ ആൽഫ അക്കാദമി, സീറ്റ അക്കാദമി, എം.ഇ.എസ് അക്കാദമി, യുണൈറ്റഡ് കോളേജ്, എ.ബി.സി ട്രൈനിംഗ് അക്കാദമി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. മാത്രമല്ല, ചില സ്ഥാപനങ്ങൾ കെട്ടിടനമ്പർ ഇല്ലാത്ത മുറികളിലും പ്രവർത്തിക്കുന്നുണ്ട്.

ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു വഴി വ്യക്തമായ ചട്ടലംഘനം തുടരുന്നതോടൊപ്പം കെട്ടിട നികുതി, തൊഴിൽ നികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരവ് നഷ്ടവുമാണ് ഗ്രാമപഞ്ചായത്തിന് സംഭവിക്കുന്നത്. ഇപ്രകാരമൊക്കെയായിട്ടും മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമവിധേയമാക്കുന്നതിനോ ഈയിനത്തിലെ വരവുകൾ കൃത്യമായി ലഭ്യമാക്കുന്നതിനോ

വേണ്ട യാതൊരു നടപടിയും സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അനാസ്ഥയും വീഴ്ചയുമായി ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും കണ്ടെത്തി ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നികുതികൾ അടവാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ച് രജിസ്ട്രേഷൻ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-6 ഡി&ഒ ലൈസൻസ് - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ 31-10-2017ലെ G.O.(P) No. 80/2017/LSGD പ്രകാരമുള്ള ലൈസൻസ് ഫീസുകൾ ഗ്രാമപഞ്ചായത്തിൽ ഈടാക്കിയിട്ടില്ല, വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ ഈടാക്കിയിരുന്ന പോലെത്തന്നെയാണ് നിലവിലും ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18-19 മുതലുള്ള ലൈസൻസ് ഫീ പുനർ നിർണ്ണയിച്ച് ഫീ പുനഃക്രമീകരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1)** വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയപ്പോൾ തന്നെ ചുവടെ ചേർത്ത അപേക്ഷകനിൽ നിന്നും കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), 1996 ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കിയതായി കാണുന്നില്ല, ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയത്.

| അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | അപേക്ഷ പ്രകാരമുള്ള വിറ്റുവരവ് | ഈടാക്കിയ ഫീസ്/രസീത് നമ്പർ | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കാൻ ബാക്കിയുള്ള ഫീസ് |
|---|---|---|---|---|---|
| അസൈനാർ എൻ.കെ | പെട്രോൾ പമ്പ് നടത്താൻ | 500000 | 2000/- 3559/30-08-18 | 4000/- | 2000 |

**2)** ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ ലൈസൻസ് നൽകി ഫീസ് ഈടാക്കുന്നില്ല, ഇത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടും നാളിതുവരെ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. (സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്തിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്).

**3)** ഇത്തരത്തിൽ ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ച മിക്ക അപേക്ഷകളിലും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനടിസ്ഥാനമായ വിവരങ്ങളുൾപ്പെടെ അപേക്ഷയിലെ പ്രസക്ത ഭാഗങ്ങളായ വിറ്റുവരവ്, യന്ത്രത്തിന്റെ കുതിരശക്തി, ജോലിക്കാരുടെ എണ്ണം, അന്വേഷണ റിപ്പോർട്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകളും നിരവധിയാണ്. വിറ്റുവരവോ യന്ത്രത്തിന്റെ കുതിരശക്തിയോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചത് എന്നത് വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയ ചില അപേക്ഷകളിൽ വളരെ കുറഞ്ഞ വിറ്റുവരവ് രേഖപ്പെടുത്തിക്കാണുന്നത് വസ്തുതാപരമല്ല.

കുറവ് വന്ന തുക ഈടാക്കേണ്ടതും, ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ

കുറിപ്പിന് (നം.15/28.06.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-7 കെട്ടിടനിർമ്മാണ അപേക്ഷ /ഫയൽ/അപേക്ഷ രജിസ്റ്റർ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് തുടങ്ങിയവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പഞ്ചായത്തിൽ പാലിച്ചതായി കാണുന്നില്ല.

(1).കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(2).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(3).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷ/ഫയൽ/രജിസ്റ്റർ, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് എന്നിവയിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.20/29.06.19) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ കെട്ടിട നിർമ്മാണ അപേക്ഷ / ഫയൽ എന്നിവ കൈകാര്യം ചെയ്യുമ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം, വസ്തുനികുതി കുറവ്.

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും, ഡി & ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ചിട്ടുള്ള

സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പറുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യങ്ങൾക്കുള്ളതാണെന്നും കാണുന്നു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ / വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മാത്രമല്ല, അപേക്ഷ പ്രകാരമുള്ള ചില കെട്ടിട നമ്പറുകൾ സഞ്ചയയിൽ കാണുന്നുമില്ല. ലൈസൻസ് അനുവദിക്കുമ്പോൾ മതിയായ ശ്രദ്ധ ചെലുത്താത്തതിനാലും പരിശോധന നടത്താത്തതിനാലുമാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമെന്ന് കാണുന്നു. ഇത് കാരണം ചട്ടങ്ങൾ പാലിക്കാതിരിക്കുന്നതോടൊപ്പം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിലും വലിയ കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഇത്തരത്തിൽ പാർപ്പിടാവശ്യങ്ങൾക്ക് നമ്പർ നൽകിയ കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിനും സഞ്ചയയിൽ വിവരങ്ങൾ ലഭ്യമല്ലാത്ത കെട്ടിടങ്ങൾക്കും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഡി&ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉടമ, തരം, വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 2/18-19 | 1/218 | സൂര്യ പോളിമേഴ്സ് | റഫീഖ് അഫ്സൽ, പാർപ്പിടം, 2.5 ച.മീ. |
| 2 | 6/18-19 | 12/37 | ഇൻഡസ്ട്രിയൽ | നാദാക്കോട്ടിൽ ബീപാത്തു, പാർപ്പിടം, 87.12 ച.മീ. |
| 3 | 36/18-19 | 5/114 | ആയുർവ്വേദ ആശുപത്രി | മുഹമ്മദ് ഫൈസൽ, പാർപ്പിടം, 140 ച.മീ. |
| 4 | 235/18-19 | 11/961 | കാർ റിപ്പയറിംഗ് | ലഭ്യമല്ല |
| 5 | 388/18-19 | 2/607 | ഫർണ്ണിച്ചർ നിർമ്മാണം | ലഭ്യമല്ല |
| 6 | 398/18-19 | 3/160 | ഓയിൽ മിൽ | കുഞ്ഞിമുഹമ്മദ്, പാർപ്പിടം, 5.06 ച.മീ. |

ചില കെട്ടിടങ്ങളുടെ വിസ്തീർണ്ണം സഞ്ചയയിൽ രേഖപ്പെടുത്തിയത് വസ്തുതാപരമാണെന്ന് കരുതാനാവില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.06/25.06.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തി ഇത്തരം

കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും മേൽ കെട്ടിടങ്ങളുടെതുൾപ്പടെ ഇത്തരം കെട്ടിടങ്ങളുടെ വാർഷിക വസ്തുനികുതി സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് സഞ്ചയയിൽ ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്ത് ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-9 കെട്ടിടത്തിന്റെ വശങ്ങളിലെ തുറസ്സായ സ്ഥലം കുറവ്- ചട്ടം ലംഘിച്ച് അനുമതി നൽകി

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, ചട്ടം 27(5) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് വശങ്ങളിൽ ഒരു വശത്ത് 1.2 മീറ്ററും മറുവശത്ത് 1 മീറ്ററും ഉള്ള തുറസ്സായ സ്ഥലങ്ങൾ ഉണ്ടാവേണ്ടതാണ്. 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് അതിരിൽ നിന്നുമുള്ള അകലം 75 സെന്റീമീറ്ററിലും കുറയുന്ന പക്ഷം ആ വശത്തുള്ള പ്ലോട്ടിന്റെ ഉടമസ്ഥന്റെ സമ്മതപത്രമുണ്ടെങ്കിൽ അതിരിനോട് ചേർന്ന തന്നെ മേൽ അകലം പാലിക്കാതെ നിർമ്മാണം നടത്താവുന്നതാണ്. 7 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് മേൽ ഇളവ് ബാധകമല്ല.

എന്നാൽ വസന്തകുമാരി, ശ്രീലത, ശ്രീകല, ശ്രീവിദ്യ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 11/658 A മുതൽ Q വരെ നമ്പർ നൽകിയ വാണിജ്യ തരം കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ ആകെ 467 ച.മീ വിസ്തീർണത്തിൽ ഇരുനിലകളുമുള്ള (താഴത്തെ നില, ഒന്നാം നില) കെട്ടിടമാണിത്. ഒരു വശത്തെ അകലം അതിരിൽ നിന്നും 50 cm മാത്രമാണ്.

ടി കെട്ടിടത്തിന് 10.05.2012 ന് A2.64/1780/12-13 നമ്പർ പെർമിറ്റ് അനുവദിച്ചതാണ്. ശേഷം മേൽ കെട്ടിടത്തിന് മൂന്നാമതൊരു നില (രണ്ടാം നില) കൂടി പണിയുന്നതിന് 21.03.2014 ൽ BL/656/2013-14 നമ്പർ പെർമിറ്റും നൽകിയിട്ടുണ്ട്. രണ്ടാമതായി പെർമിറ്റ് അനുവദിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1) അതിരിൽ നിന്നും 50 cm മാത്രം അകലത്തിലുള്ള കെട്ടിടത്തിന് തൊട്ടടുത്തുള്ള പ്ലോട്ടിന്റെ ഉടമയുടെ സമ്മതപത്രത്തോട് കൂടി പെർമിറ്റ് അനുവദിക്കാവുന്നത് 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്കാണ്. എന്നാൽ ടി കെട്ടിടത്തിന് 21.03.2014 ലെ പെർമിറ്റിന്റെ കൂടെ സമർപ്പിച്ച പ്രോപ്പോസ്ഡ് പ്ലാൻ പ്രകാരം 9.6 മീറ്റർ ഉയരം ഉണ്ട്.

2) രണ്ടാംനില കൂടി ചേർത്താൽ പ്രോപ്പോസ്ഡ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ: 707.02 m2ഉം ആകെ കാർപ്പറ്റ് എരിയ: 539.88 m2 ഉം ആണ്. ആയത് പ്രകാരം കെട്ടിടത്തിന് 8 കാർ പാർക്കിംഗ് ഉണ്ടായിരിക്കണം(539.88/75=7.19, Say 8) എന്നാൽ ആകെ 5 കാർ പാർക്കിംഗ് മാത്രമാണ് ഉള്ളത്.

29.06.19ന് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം മൂന്ന നിലകൾ (താഴത്തെ നില, ഒന്നാം നില, രണ്ടാം നില) നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടെത്തി.

അപാകതകൾ സൂചിപ്പിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നം. 25/01.07.19) ന് ലഭ്യമാക്കിയ മറുപടിയിൽ സമ്മതപത്രം ഉള്ളതായി ബോധിപ്പിക്കുകയും ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിട നിർമാണങ്ങൾക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു, എന്നാൽ പാർക്കിംഗ് സംബന്ധിച്ച അപാകതക്ക് വ്യക്തമായ/അംഗീകരിക്കാവുന്ന മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടത്തിന്റെ രണ്ടാംനില നിർമ്മാണത്തിന് ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് നൽകിയതും അനധികൃത നിർമ്മാണത്തിന് വഴിയൊരുക്കിയതും ശരിയായ നടപടിയല്ല. അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണത്തിന് G.O(P)12/2018/LSGD dated 15-02-2018 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി കെട്ടിടം നിർമ്മാണം പൂർത്തിയായ അർദ്ധ വർഷം മുതൽ തന്നെ ഈടാക്കേണ്ടതാണ്. അർദ്ധ വർഷത്തിലെ അവസാന രണ്ട് മാസങ്ങളിലാണ് നിർമ്മാണം പൂർത്തീകരിച്ചതെങ്കിൽ തൊട്ടടുത്ത അർദ്ധ വർഷം മുതലുള്ള നികുതി ഈടാക്കിയാലും മതിയാകും. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതികൾ നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ ഈടാക്കേണ്ടതായിരുന്നിട്ടും അപ്രകാരം ചെയ്യാതെ തൊട്ടടുത്ത അർദ്ധ വർഷം മുതലുള്ള നികുതിയാണ് ഈടാക്കിക്കാണുന്നത്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ നമ്പർ, കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം | നികുതി ഈടാക്കേണ്ടിയിരുന്ന അർദ്ധ വർഷം/കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി | നികുതി ഈടാക്കിത്തുടങ്ങിയ അർദ്ധവർഷം, നിർണ്ണയിച്ച വാർഷിക വസ്തുനികുതി | |
|---|---|---|---|---|---|
| | | | | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ. മുഹമ്മദ് സി.കെ<br>വാണിജ്യം | 5/26 A to Z.<br>768.31 $m^2$ | 2017-18 രണ്ടാം അർദ്ധ വർഷം,<br>15.01.2018 | 2018-19 ഒന്നാം അർദ്ധ വർഷം,<br>ആകെ വാർഷിക വസ്തുനികുതി: 26061/-<br>2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന നികുതി=26061/2= 13030.5/- | 1314/2=657 |
| 2 | ശ്രീ. മജീദ്<br>വാണിജ്യം | 12/543 A to N<br>653.61 $m^2$ | 2017-18 ഒന്നാം അർദ്ധ വർഷം,<br>20.05.2017 | 2018-19 ഒന്നാം അർദ്ധ വർഷം,<br>ആകെ വാർഷിക വസ്തുനികുതി: 28805/-<br>2017-18 ഒന്നാം അർദ്ധ വർഷത്തേതും രണ്ടാം അർദ്ധ വർഷത്തേതും കൂടി ഈടാക്കേണ്ടിയിരുന്ന നികുതി=28805/- | 1443 |
| ആകെ കുറവ് | | | | 41835.5/-<br>(13030.5+28805=41835.5) | 2100 |

ഇത്തരത്തിൽ നികുതി ഈടാക്കുന്നതു കാരണം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതിയിനത്തിലുള്ള വരവിൽ കുറവ് സംഭവിക്കുന്നുണ്ട്. ആകെ 43935/- (41835.5 + 2100) രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.25/01.07.19) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വ്യകതമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുറവ് വന്ന തുക ആകെ 43935/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-11 മേഖല തെറ്റായി കണക്കാക്കിയും വഴി വർദ്ധന കണക്കിലെടുക്കാതെയും നികുതി നിർണ്ണയിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 06.12.11ലെ എ2-22399/2011 നമ്പർ അന്തിമ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം എന്നിവ പ്രകാരം വസ്തു നികുതി നിശ്ചയിക്കുമ്പോൾ പ്രഥമ മേഖലകളിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് ഇല്ലാത്തതും ദ്വിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് 10%, ത്രിതീയ മേഖലകളിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് 20% എന്നിങ്ങനെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് ചെയ്യാവുന്നതും 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് 20% നികുതി വർദ്ധന ചെയ്യേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ:

പാർപ്പിടം - 3/-രൂപ/ച.മീ.,

വാണിജ്യം - 100 $m^2$ വരെ 30/-രൂപ/ച.മീ., 100 $m^2$ ന മുകളിൽ 50/-രൂപ/ച.മീ.

ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകിയപ്പോൾ, കംപ്ലീഷൻ പ്ലാൻ, വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം എന്നിവ പ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്നും 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾ 5 മീറ്ററിൽ കുറഞ്ഞ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടമെന്നും തെറ്റായി വിവരം നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | | നിർണ്ണയിക്കേണ്ട/ ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥ ശാല വരി |
| 1 | ശ്രീ.അബ്ദുൽ കരീം, പാർപ്പിടം | 13/338A 238.96 $m^2$ | 646/- (20% വഴി വർദ്ധന ചെയ്തില്ല) | 33 | 789/- (238.96 x 3 = 716.88 – 10% + 20% = 789) മേഖല ഇളവ് – 10%, വഴി വർദ്ധന –20% | 40 | 143 | 7 |
| 2 | ശ്രീ.മുഹമ്മദ് വാണിജ്യം | 9/36 A, B, C, D 4x17.98 =71.92$m^2$ | 4x486=1944/- (20% വഴി വർദ്ധന ചെയ്തില്ല) 27.08.18 | 4x25= 100 | **2376/-** ((17.98 x 30 = 539.4 -10% +20% = 594) x 4 = 2376/-) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 4x30= **119** | 432 | 20 |
| 3 | ശ്രീമതി. ഫാത്തിമ മുതൽപേർ വാണിജ്യം | 6/159 B,C 2x31.66= 63.32 $m^2$ | 2x855=1710/- (10% മേഖല ഇളവ് നൽകി, 20% വഴി വർദ്ധന ചെയ്തില്ല) | 2x43= 86 | **2280/-** ((31.66 x 30 = 949.8 + 20% = 1140) x 2 = 2280/-) മേഖല | 2x57= 114 | 570 | 28 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | 17.09.18 | | ഇളവ്-ഇല്ല, വഴി വർദ്ധന-20% | | | |
| 4 | ശ്രീ. മുഹമ്മദ് പാർപ്പിടം | 12/467 A, 341.2 $m^2$ | 922/- (10% മേഖല ഇളവ് നൽകി) 04.10.18 | 47 | **1024/-** (341.2x3=1024) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-ഇല്ല | 51 | 102 | 4 |
| 5 | ശ്രീ. മുഹമ്മദ് അബ്ദുറഹിമാൻ വാണിജ്യം | 5/551B to D 33x2+16=82 $m^2$ | 1089x2+576=2754 (10% മേഖല ഇളവ് നൽകി) 27.12.18 | 55x2+29=139 | **2952/-** (((33x30=990+20% =1188)x2)+ (16x30=480+20% =576) =**2952**) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 59x2+29 =147 | 198 | 8 |
| ആകെ കുറവ് | | | | | | | 1445 | 67 |

ആകെ 1512/-(1445+67) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16/28.06.19) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കുറവ് വന്ന തുക ആകെ 1512/-(1445+67) രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-12 സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചു-2035/- രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ താഴെ പറയുന്ന വർദ്ധന, ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

| തരം | ഇളവ്/ വർദ്ധന |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് | 20%വർദ്ധന |
| 250 ചതുരശ്ര മീറ്ററിൽ കൂടുതലുള്ളതും മുന്തിയ തരം തറയുള്ളതുമായ കെട്ടിടങ്ങൾക്ക് | 15%വർദ്ധന |
| ദ്വിതീയ മേഖലകളിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| ത്രിതീയ മേഖലകളിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് | 20%ഇളവ് |
| കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| വാണിജ്യം-ഓഫീസ് എന്നീ ആവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ അഞ്ചാം നില വരെ ഓരോ നിലക്കും | 5% ഇളവ് |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പാർപ്പിടം - 3/-രൂപ/ച.മീ.

വാണിജ്യം - 100 $m^2$ വരെ 30/-രൂപ/ച.മീ., 100 $m^2$ ന്റ മുകളിൽ 50/-രൂപ/ച.മീ.

താഴെ പറയുന്ന അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ വിസ്തീർണ്ണത്തിലുൾപ്പെടുന്ന സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ നമ്പർ, കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം | കംപ്ലീഷൻ പ്ലാൻ പ്രകാരം സ്റ്റെയർ റൂമിന് ഈടാക്കേണ്ടിയിരുന്ന തുക | |
|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ. മുഹമ്മദ് സി.കെ<br>വാണിജ്യം | 5/26 A to Z.<br>താഴത്തെ നില-330.10 $m^2$<br>ഒന്നാം നില-414.05 $m^2$<br>**സ്റ്റെയർ റൂം/ടെറസ്സ് നില-44.16 $m^2$**<br>16.05.18 | 1511/-<br>((44.16x30=1324.8+20%=1590)-5%=1511)<br>വഴി വർദ്ധന :20%, ഒന്നാം നില ഇളവ് :5% | 76 |
| 2 | ശ്രീ. അബ്ദുൽ നാസർ<br>വാണിജ്യം | 11/1074 A to M<br>താഴത്തെ നില-125.26 $m^2$<br>ഒന്നാം നില-228.19 $m^2$<br>**സ്റ്റെയർ റൂം -12.46 $m^2$**<br>13.07.18 | 427/-<br>((12.46x30=373.8-+20%=449)-5%=427/-)<br>വഴി വർദ്ധന :20%, ഒന്നാം നില ഇളവ്-5% | 21 |
| ആകെ | | | 1938 | 97 |

ആകെ 2035/-(1938+97) രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/28.06.19) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കുറവ് വന്ന തുക ആകെ 2035/-(1938+97) രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-13 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ ധാരാളം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപ്പിച്ച് നൽകിയിട്ടുണ്ട്.

ഇ ടെണ്ടർ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ പഞ്ചായത്തിന് തുക ലഭിക്കാനുണ്ട്. മുൻവർഷ റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചതാണ്. തുക

ലഭിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

2018-19 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ലൈഫ് ഭവന പദ്ധതി - ജനറൽ | ലൈഫ് ഭവന പദ്ധതി - എസ്.സി |
|---|---|---|
| അടങ്കൽ | 1,28,00,000 | 24,00,000 |
| ചെലവ് | 1,00,40,000 | 16,00,000 |
| ഗുണഭോക്താക്കളുടെ എണ്ണം | 32 | 6 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചത് | 15 | 0 |

ഗുണഭോക്താവ് ഒന്നാം കക്ഷിയായും ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷകാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ കൈമാറാവുന്നതല്ലെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

1. ലൈഫ് ഭവന പദ്ധതി - ജനറൽ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം തുടങ്ങിയ തിയതി | ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട തിയതി | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | കുമാരി.എ | 11.06.2018 | 10.12.2018 | 3,00,000 | 15.01.2019 |
| 2 | സുബൈദ.കെ | 13.06.2018 | 12.12.2018 | 3,00,000 | 15.01.2019 |
| 3 | സുലോചന w/o വാസുദേവൻ | 19.06.2018 | 18.12.2018 | 3,00,000 | 30.03.2019 |
| 4 | ശാന്ത w/o കേലുണ്ണി | 19.06.2018 | 18.12.2018 | 2,60,000 | 30.03.2019 |
| 5 | സഫിയ | 21.06.2018 | 20.12.2018 | 3,00,000 | 15.01.2019 |
| 6 | സുജാത w/o രാധാകൃഷ്ണൻ | 21.06.2018 | 20.12.2018 | 3,00,000 | 15.01.2019 |
| 7 | മുംതാസ് w/o സുനീർ | 22.06.2018 | 21.12.2018 | 3,00,000 | 15.01.2019 |

| | | | | | |
|---|---|---|---|---|---|
| 8 | ശ്രീജ w/o സുമേഷ് | 28.06.2018 | 27.12.2018 | 2,60,000 | 30.03.2019 |
| 9 | സാജിത.കെ | 30.06.2018 | 29.12.2018 | 3,00,000 | 15.01.2019 |
| 10 | ശൈലജ | 02.07.2018 | 01.01.2019 | 2,00,000 | 15.01.2019 |
| 11 | ഇമ്പിച്ചിപ്പെണ്ണ് | 06.07.2018 | 05.01.2019 | 2,60,000 | 30.03.2019 |
| 12 | ലത | 06.07.2018 | 05.01.2019 | 2,60,000 | 30.03.2019 |
| 13 | ആമിന | 13.07.2018 | 12.01.2019 | 3,00,000 | 15.01.2019 |
| 14 | മുണ്ടി w/o പറങ്ങോടൻ | 23.07.2018 | 22.01.2019 | 2,60,000 | 30.03.2019 |
| 15 | പാതക്കുട്ടി | 02.08.2018 | 01.02.2019 | 2,60,000 | 30.03.2019 |
| 16 | സൈനബ | 19.11.2018 | 18.05.2019 | 2,00,000 | 30.03.2019 |

2.ലൈഫ് ഭവന പദ്ധതി - എസ്.സി

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം തുടങ്ങിയ തിയതി | ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട തിയതി | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | നിഷ w/o ഭാസ്കരൻ | 04.09.2018 | 03.03.2019 | 3,00,000 | 19.01.2019 |
| 2 | ചെറിയപെണ്ണ് D/O ചാത്തൻകുട്ടി | 04.09.2018 | 03.03.2019 | 3,00,000 | 16.02.2019 |
| 3 | ഇന്ദിര w/o ബാലകൃഷ്ണൻ | 04.09.2018 | 03.03.2019 | 3,00,000 | 19.01.2019 |
| 4 | ഉണ്ണിപ്പേരി w/o ചൂലൻ | 07.09.2018 | 06.03.2019 | 3,00,000 | 23.01.2019 |
| 5 | ചക്കിക്കുട്ടി w/o പുതിയാണ്ടി | 24.09.2018 | 23.03.2019 | 2,00,000 | 23.01.2019 |
| 6 | സതി w/o ബാബുരാജ് | 25.10.2018 | 24.04.2019 | 2,00,000 | 19.01.2019 |

ബന്ധപ്പെട്ട ഫയലുകൾ/ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭവനനിർമ്മാണം ഓഡിറ്റ് തിയതി വരേയും പൂർത്തീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 17/28.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. പദ്ധതിയുടെ അടങ്കൽ തുകയുടെ വലിയൊരു ഭാഗമായ ലോൺ തുക ലഭ്യമാകുന്നതിലുണ്ടായ കാലതാമസവും സ്പിൽ ഓവർ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുണ്ടായ കാലതാമസവും മൂലമാണ് നാളിതുവരേയും ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളെല്ലാം തന്നെ അവസാന ഘട്ടത്തിലാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| പദ്ധതി | 43/19 (ജനറൽ) | 72/19 (എസ്.സി) |
|---|---|---|
| ചെലവ് | 2400000/- (1500000 – പ്ലാൻ ജനറൽ+ 200000- തനത് ഫണ്ട് + 200000 ബ്ലോക്ക് വിഹിതം + 500000 ജില്ലാ പഞ്ചായത്ത് വിഹിതം)<br>1. ബിൽ നമ്പർ 2/18-19 തീയതി 20-11-18 – 1500000<br>2. ചെക്ക് നമ്പർ 2119359/11-03-19 – 200000<br>3. 7562525/05-01-19 – 200000<br>4. 7562528/25-03-19 –500000 | 200000- എസ്.സി.പി ബിൽ നമ്പർ 3/18-19/27-11-2018 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ | |

14.02.2018ലെ ജി.ഒ.(എം.എസ്)22/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്.

(ബി) മാനസിക വെല്ലവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ്/ ബത്ത - രൂപ | ആകെ (വാർഷികം) |
|---|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000/- | 12,000/- |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1,500/- | 1,500/- |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2,000/- | 2,000/- |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1,000/- | 12,000/- |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1,000/- | 1,000/- |
| | ആകെ | | 28,500/- |

ഡേ-സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയ്ക്കും അർഹതയുണ്ട്.

2018-19 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 43/19 പദ്ധതി പ്രകാരം 138 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തതിൽ 105 പേരും, വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 72/19 പദ്ധതി പ്രകാരം 11പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തതിൽ 8 പേരും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് അർഹതയുള്ള നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ടെങ്കിലും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർക്ക് അർഹതയുള്ള തുക അനുവദിച്ചതായി കാണുന്നില്ല. (43/19 പദ്ധതിയിൽ 103 പേർക്കാണ് വർഷം മുഴുവൻ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നത്).

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വിദ്യാർത്ഥികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 43/19 | 103 | 103 x 28,500 =2935500 | 103x21083 =2171549 | 763951 |
| 72/19 | 8 | 8 x 28,500 =228000 | 8x21625 =173000 | 55000 |
| | | | ആകെ | 818951 |

സർക്കാർ ഉത്തരവനുസരിച്ചുള്ള നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2018-19 വർഷത്തിൽ 8,18,951/- രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. തുടർ വർഷങ്ങളിൽ ആവശ്യത്തിന് തുക വകയിരുത്താൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് / ബത്ത നൽകുന്നതിന്ന് ആവശ്യമായ തുക വകയിരുത്തികൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18 / 28.06.2019)

## 3-3 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 91/19- ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുവാങ്ങൽ |
| വിനിയോഗിച്ച തുക | 4,00,000/- രൂപ (എം.ജി.എൻ.ആർ) |
| ബിൽ നമ്പർ / തിയ്യതി | 1/18-19 തിയതി. 20.07.2018<br>4,00,000/- രൂപ |
| ലഭ്യമായ മരുന്ന് | 2,50,048/- ഇൻവോയ്സ് നമ്പർ. LF 1544/22.02.2019 |
| ലഭിക്കാനുള്ള മരുന്ന് | 1,49,952/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ, വാഴക്കാട് ഗ്രാമപഞ്ചായത്ത് |

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നവാങ്ങൽ പദ്ധതി പ്രകാരം 4,00,000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും 2,50,048/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 1,49,952/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 1/25.06.2019 ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കാത്തത് മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിൽവെച്ച് ഹോംകോ എം.ഡി യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്ന് അറിയിച്ചതായും മറുപടി നൽകി. മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതു വരെ ചെലവ് തുക 1,49,952/- രൂപ തടസ്സം ചെയ്യുന്നു.

## 3-4 മരുന്നുകൾ ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 148/19 പി.എച്ച്.സിയിലേക്ക് മരുന്നവാങ്ങൽ | 154/19 പരിരക്ഷ |
| വിനിയോഗിച്ച തുക | 4,00,000/- രൂപ | 1,50,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 5/18-19 തിയതി.18.03.2019 | 4/18-19 തിയതി.18.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ), വാഴക്കാട് ഗ്രാമപഞ്ചായത്ത്. | |

പി.എച്ച്.സിയിലേക്ക് മരുന്നവാങ്ങൽ, പരിരക്ഷ എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 4,00,000/- രൂപ, 1,50,000/- രൂപ എന്നിങ്ങനെ 5,50,000/- രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരേയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 5,50,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം.20 / 29.06.2019)

## 3-5 എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2018-19 വർഷത്തിൽ എസ്.എസ്.എ പ്രൊജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 18,00,000 രൂപ എസ്.എസ്.എ മലപ്പുറം ജില്ലാ കോ- ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 42/19 |
| വിനിയോഗിച്ച തുക | 18,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 1/18-19 തിയതി. 18.07.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, വാഴക്കാട് ഗ്രാമപഞ്ചായത്ത് |

എസ്.എസ്.എ പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം പങ്ക് വഹിച്ചതായി കാണുന്നില്ല. എസ്.എസ്.എ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തുക വകയിരുത്തി ആയത് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് വിഹിതമായി എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് നൽകിയതും സർക്കാർ

വിഹിതവുമുൾപ്പടെ പഞ്ചായത്തിൽ എസ്.എസ്.എ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 18,00,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 2/ 25.06.2019)

# 3-6 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

2018-19 വർഷത്തെ സെക്രട്ടറിയുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഏതാനും വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21800071/ 23-04-2018 | 4,000 | 25-04-2018 -ന് തിരുവനന്തപുരത്ത് വെച്ച് നടന്ന പഞ്ചായത്ത് രാജ് സംവിധാനത്തെകുറിച്ചുള്ള ദേശീയ സമ്മേളനം, 100% നികുതി പിരിച്ചെടുത്ത പഞ്ചായത്തുകൾക്കുള്ള ആദരവ് ഏറ്റ് വാങ്ങൽ എന്നീ പരിപാടികളിൽ പങ്കെടുക്കുന്നതിന് വേണ്ടി പ്രസിഡന്റ്, അസി.സെക്രട്ടറി എന്നിവർക്ക് നൽകിയ മുൻകൂർ തുക | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരമില്ല |
| 2 | 21800298/ 13-08-18 | 10,000 | കർഷകദിനാചരണത്തിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയ തുക | തുകയുടെ കൈപ്പറ്റ്, വിനിയോഗം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 3 | 21800409/ 08-10-18 | 1,000 | 10-10-18, 11-10-18 എന്നീ തീയതികളിൽ ഐ.ആർ.ടി.സി - യിൽ വെച്ച് നടന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ പ്രസിഡന്റിന് നൽകിയ മുൻകൂർ തുക | മുൻകൂർ ക്രമീകരിച്ച വിവരം ലഭ്യമല്ല |
| 4 | 21800485/ 05-11-18 | 3,680 | ചോലക്കൽ കുടിവെള്ള പദ്ധതി, അട്ടവാട്ട് പുറായി കുടിവെള്ള പദ്ധതി എന്നിവക്ക് ഫീസിബിലിറ്റി ലഭിക്കുവാൻ ഭൂജല വകുപ്പിന് നൽകിയ തുക | ഫീസിബിലിറ്റി ലഭ്യമായ വിവരമില്ല |
| 5 | 21800486/ 05-11-18 | 2,000 | പ്രളയ ബാധിത പഞ്ചായത്തുകൾക്കുള്ള ശില്പശാലയിൽ പങ്കെടുക്കാൻ തിരുവനന്തപുരം പഞ്ചായത്ത് ഭവനിൽ പോയതിന് പ്രസിഡന്റിന് മുൻകൂർ നൽകിയ തുക | ക്രമീകരണ വിവരമില്ല |
| 6 | 21800487/ 05-11-18 | 2,000 | പ്രളയ ബാധിത പഞ്ചായത്തുകൾക്കുള്ള ശില്പശാലയിൽ പങ്കെടുക്കാൻ തിരുവനന്തപുരം പഞ്ചായത്ത് ഭവനിൽ പോയതിന് അസി.സെക്രട്ടറിക്ക് മുൻകൂർ നൽകിയ തുക | ക്രമീകരണ വിവരമില്ല |
| 7 | 21800502/ 12-11-18 | 1,840 | കക്കാട്ടിരി പുറായി കുടിവെള്ള പദ്ധതിക്ക് ഫീസിബിലിറ്റി ലഭിക്കുവാൻ ഭൂജല വകുപ്പിന് നൽകിയ തുക | ഫീസിബിലിറ്റി ലഭ്യമായ വിവരമില്ല |
| 8 | 21800543/ | 90,000 | പി.എച്ച്.സി പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ | തുകയുടെ |

| | | | | |
|---|---|---|---|---|
| | 21-11-18<br>21800574/<br>04-12-18 | 16,200 | മണ്ണ് പരിശോധനക്കായി കോഴിക്കോട് വെസ്റ്റ്ഹിൽ എഞ്ചിനീയറിംഗ് കോളേജിന് നൽകിയ തുക | കൈപ്പറ്റ്, വിനിയോഗം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 9 | 21800548/<br>26-11-18 | 2,000 | നവകേരളം സെമിനാറിൽ പങ്കെടുക്കുന്നതിന് പ്രസിഡന്റിന് മുൻകൂർ നൽകിയ തുക | ക്രമീകരണ വിവരമില്ല |
| 10 | 21801092/<br>29-03-19 | 6,000 | ശ്രീ.ഇ.ആർ.സുരേഷ് ബാബുവിന്റെ ഫെസ്റ്റിവൽ അഡ്വാൻസ് തവണ തുക വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് | തുകയുടെ കൈപ്പറ്റ് രസീതില്ല |
| ആകെ | | 1,38,720 | | |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 01-07-19 -ന് നൽകിയ 24 -ാം നമ്പർ ഓഡിറ്റ് ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ 1,38,720 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 കുടുംബശ്രീ ഗ്രൂപ്പ് സംരംഭത്തിന് സബ്സിഡി - രേഖകൾ അപൂർണ്ണം

കുടുബശ്രീ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി എന്ന പേരിൽ വികസന ഫണ്ടിൽ നിന്നും 2,00,000 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കുകയും 11-09-2018 -ലെ 4/18-19 നമ്പർ ബിൽ പ്രകാരം 50,000 രൂപ പിൻവലിച്ച് സി.ഡി.എസിന്റെ 09024120000067 നമ്പർ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഏത് ഗ്രൂപ്പ് സംരംഭത്തിന് നൽകാനായി പിൻവലിച്ചതാണെന്നോ ആർക്കെങ്കിലും നൽകിയെന്നോ ഉള്ള വിവരമൊന്നും ഫയലിലില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികളിലൊഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല.

അപാകതക്ക് വിശദീകരണം നൽകാനും മേൽ ചെലവിനാധാരമാക്കിയ രേഖകൾ പരിശോധനക്കായി ഹാജരാക്കാനുമാവശ്യപ്പെട്ട് 26-06-19 -ന് 9 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി. സെക്രട്ടറി നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

"കുടുംബശ്രീ ഗ്രൂപ്പ് സംരംഭത്തിന് സബ്സിഡി എന്ന പേരിൽ തയ്യാറാക്കിയ പ്രോജക്റ്റിൽ 4 ഗ്രൂപ്പുകൾക്ക് 50,000 രൂപ വീതം നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. അതിന്റെ മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പ് സംരംഭം തുടങ്ങി കഴിഞ്ഞതിന് ശേഷം കുടുംബശ്രീയിൽ നിന്നും 15 ദിവസത്തെ സ്കിൽ പരിശീലനം ലഭിച്ച്, പ്രോജക്റ്റ് റിപ്പോർട്ട് നൽകി ലോൺ എടുത്ത് 6 മാസം കഴിഞ്ഞാണ് സബ്സിഡി തുക നൽകേണ്ടത്. എന്നാൽ 4 ഗ്രൂപ്പ് സംരംഭകർ ഉണ്ടായിരുന്നെങ്കിലും പരിശീലനം നേടാത്തതിനാൽ 3 ഗ്രൂപ്പുകൾ ലോൺ എടുത്തിരുന്നില്ല. ലോൺ എടുത്ത ഒരു ഗ്രൂപ്പിന് ലോൺ എടുത്ത് 6 മാസം തികയാത്തതിനാൽ സബ്സിഡി തുക നൽകാൻ സാധിക്കാതെ വരുകയും മാർച്ച് 31 -നകം പ്ലാൻ ഫണ്ട് ചെലവഴിച്ചില്ലെങ്കിൽ തുക ലാപ്സാകുമെന്നതിൽ ടി തുക സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു."

മറുപടിയുടെ കൂടെ പ്രസ്തുത ഗ്രൂപ്പിനെ സംബന്ധിച്ച വിശദാംശങ്ങളോ പ്രോജക്റ്റ് റിപ്പോർട്ടോ ഹാജരാക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല. വിശദമായ മറുപടി ലഭ്യമാക്കാത്ത പക്ഷം ചെലവ് തുക തിരികെ അടവാക്കേണ്ടതുണ്ട്. ആയത് വരെ 50,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-8 കുടുംബശ്രീ ഹോട്ടൽ - ബാക്ക് എൻഡ് സബ്സിഡി തുക ബാങ്കിന് കൈമാറിയില്ല

14-02-2018 -ലെ സ.ഉ(എം.എസ്)22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിലുൾപ്പെടുന്ന 5 പേരടങ്ങുന്ന ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോജക്റ്റ് കോസ്റ്റിന്റെ 50% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡി നൽകാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ കീഴിൽ ഹോട്ടൽ ആരംഭിക്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കുകയും (29/18) 4ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ സംരംഭത്തിന്റെ 50% തുകയായ 2 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും നിർവ്വഹണോദ്യോഗസ്ഥയായ അസി. സെക്രട്ടറിയുടെ 27-03-19 -ലെ 12/18-19 നമ്പർ ബിൽ പ്രകാരം 2,00,000 രൂപയും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ, വായ്പാബന്ധിത പ്രോജക്റ്റ് ആയിരിക്കേണ്ടതും സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകുകയും ചെയ്യേണ്ടതാണ്. കേരള ഗ്രാമീൺ ബാങ്ക് മാനേജരുടെ 20-03-2019 -ലെ കത്ത് പ്രകാരം രുചി കുടുംബശ്രീ വനിതാഹോട്ടലിന് 1,90,000 രൂപ ബാങ്ക് ലോൺ അനുവദിക്കുകയും ഗുണഭോക്താക്കളുടെ വിഹിതമായി 10,000 രൂപ ബാങ്കിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിൻവലിച്ച 2 ലക്ഷം രൂപ ബാങ്കിന് കൈമാറേണ്ടതിന് പകരം കുടുബശ്രീയുടെ അക്കൗണ്ടിൽ ഇട്ടിരിക്കുകയാണ്. ആയത് ക്രമപ്രകാരമല്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 26-06-2019 –ന് നൽകിയ 10-ാം നമ്പർ എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥയായ അസി. സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ലോൺ എടുത്തപ്പോൾ സമയം വൈകിയതിനാൽ പ്ലാൻ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ 406241014010018 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി എന്നമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 20-03-2019 -ന് തന്നെ ഈ സംരംഭത്തിന് ബാങ്ക് ലോൺ അനുവദിച്ചിട്ടുള്ളതാണ്.

ഗ്രൂപ്പ് സംരംഭങ്ങളുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അവർക്കുള്ള സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശമുള്ളതിനാൽ 2,00,000 രൂപ എത്രയും വേഗം ബാങ്കിന് കൈമാറേണ്ടതാണ്. ആയത് വരെ മേൽ തുകയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 പത്രമാധ്യമങ്ങളുടെ ചാർജ്ജ് നൽകിയത് - ഭരണ സമിതി തീരുമാനം നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

പഞ്ചായത്ത് ഭരണ സമിതിയുടെ 164/2016 നമ്പർ തീരുമാന പ്രകാരം 01-08-16 മുതൽ വിവിധ ലൈബ്രറികൾ ഓരോ മാസവും പത്രം വിറ്റു കിട്ടുന്ന പണം അതാത് മാസം ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ അടവാക്കേണ്ടതും തുടർച്ചയായി 3 മാസം പണം അടവാക്കാതിരുന്നാൽ മുന്നറിയിപ്പില്ലാതെ പത്രവിതരണം നിർത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇക്കാര്യം സെക്രട്ടറിയുടെ 31-07-16 -ലെ A1-6181/16 നമ്പർ കത്തിൽ വിവിധ ലൈബ്രറികളെ അറിയിച്ചിട്ടുള്ളതുമാണ്. 2018-19 -ൽ പത്രവിതരണത്തിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ലൈബ്രറിയുടെ പേര് | തുക | | | | |
|---|---|---|---|---|---|---|
| | | വൗച്ചർ നമ്പർ-21800194/ 19-06-18 | വൗച്ചർ നമ്പർ-21800635/ 22-12-18 | വൗച്ചർ നമ്പർ-21800774/ 31-01-19 | വൗച്ചർ നമ്പർ - 21800954/ 21-03-19 | ആകെ |
| 1 | വാഴക്കാട് ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയം | 12,390 | 13,663 | 8,095 | 2,752 | 36,900 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കെ.എ.റഹ്മാൻ പഞ്ചായത്ത് വായനശാല, വാഴക്കാട് | 9,650 | 10,943 | 6,600 | 2,202 | 29,395 |
| 3 | ഹവിൽദാർ എം.എ റഹ്മാൻ സാഹിബ് സ്മാരക ലൈബ്രറി, വാഴക്കാട് | 5,825 | 6,640 | 3,996 | 1,347 | 11,808 |
| 4 | അഹമ്മദ് കുട്ടി കുരിക്കൾ വായനശാല, ചെറുവായൂർ | 5,825 | 6,640 | 3,996 | 1,347 | 17,808 |
| 5 | കുഞ്ഞൻ നായർ സ്മാരക വായനശാല, വെട്ടത്തൂർ | 5,825 | 6,640 | 3,996 | 1,347 | 17,808 |
| 6 | സ്പന്ദനം ലൈബ്രറി, എടവണ്ണപ്പാറ | 5,825 | 6,640 | 3,996 | 1,347 | 17,808 |
| 7 | പാലക്കുഴി എസ്.സി കോളനി - ചോലക്കഴിപുറായ സാംസാകാരിക നിലയം, എളമരം | 5,825 | 6,640 | 3,996 | 1,347 | 17,808 |
| 8 | ഉമ്മറോട് പഞ്ചായത്ത് സാംസ്കാരിക നിലയം | 5,825 | 6,640 | 3,996 | 1,347 | 17,808 |
| 9 | നിറവ് സാംസ്കാരിക നിലയം | 3714 | 7,759 | 4,677 | 1,574 | 17,724 |
| | നളന്ദ വനിത വായനശാല | 3714 | 7,759 | 4,677 | 1,574 | 17,724 |
| **ആകെ** | | | | | | **2,02,591** |

മുകളിൽ പറഞ്ഞ ലൈബ്രറികൾ/സാംസ്കാരിക നിലയങ്ങൾ ഒന്നും തന്നെ പഴയ പത്രം വിറ്റതിന്റെ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടില്ലാത്തതിനാൽ ഭരണസമിതി തീരുമാനം നടപ്പാക്കാത്തതിലൂടെ ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 26-06-19 -ന്

നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടാല്ലാത്തതിനാൽ ചെലവ് തുക 2,02,591 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികളെ ആദരിക്കൽ - രേഖകൾ അപൂർണ്ണം

എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി 14-07-2018 -ന് ഗ്രാമ പഞ്ചായത്ത് ഹാളിൽ ചടങ്ങ് സംഘടിപ്പിക്കുകയുണ്ടായി. സെക്രട്ടറിയുടെ 13-09-18 ലെ 21800365 നമ്പർ വൗച്ചർ പ്രകാരം 16,950 രൂപ മൊമന്റോ വാങ്ങിയ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു. 195 രൂപ വിലയുള്ള 87 മൊമന്റോകളാണ് ട്രോഫിലാന്റ് എടവണ്ണപ്പാറ എന്ന സ്ഥാപനത്തിന്റെ 256/14-07-18 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, മൊമന്റോ കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഫയലിലില്ല.

ആയത് പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 26-06-19 -ന് നൽകിയ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 16,950 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

മുൻവർഷ റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചതാണ്. ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 167/19 – ബഡ്സ് സ്കൂൾ- ആയ ഹൊണറേറിയം | 200000 | 0 |
| | 100000 | 36/19 – 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ (എസ്.സി) | 99120 | 880 |
| | 1367040 | 123/19 ലൈഫ് ഭവന പദ്ധതി (ജനറൽ) | 1360600 | 6440 |
| | 255000 | 74/19 സമഗ്ര നെൽകൃഷി വികസനം | 201719 | 53281 |
| | | | | |

| | | | | |
|---|---|---|---|---|
| | 300000 | 148/19 പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | 300000 | 0 |
| | 200000 | 154/19 പരിരക്ഷ | 102600 | 97400 |
| | 200000 | 43/19 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 200000 | 0 |
| | 100000 | 100/19- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. | 100000 | 0 |
| | 17000 | 75/19 – പച്ചക്കറി വികസനം. | 0 | 17000 |
| ജില്ലാ പഞ്ചായത്ത് | 605120 | 123/19 ലൈഫ് ഭവന പദ്ധതി (ജനറൽ) | 605120 | 0 |
| | 500000 | 43/19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 500000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അച്ചത്ത് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ 71/14-11-18 | 50,000 | 50,000 | 0 |
| കേരള വാട്ടർ അതോറിറ്റി | കോലോത്ത് പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ 72/14-11-18 | 70,000 | 70,000 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിലുള്ള വരവും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | G.O.(Ms)No. | 4554535 | 0 | 0 | 0 | 4554535 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | 68/2018/LSGD തീയതി 18-05-18 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1119294 |
| തൻവർഷം നിക്ഷേപിച്ച തുക | 48630 |
| ആകെ | 1167924 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1167924 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീണ ബാങ്ക്, വാഴക്കാട് | 1167924 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | ഓഡിറ്റ് എൻക്വയറി | 376 | ശ്രീമതി. പാത്തുമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 118060110605/01-03-2019 |
| 2017-18 | ഓഡിറ്റ് എൻക്വയറി | 960 | | 118060110606/01-03-2019 |
| 2017-18 | ഓഡിറ്റ് എൻക്വയറി | 5086 | കേരള ഗ്രാമീൺ ബാങ്ക്, വാഴക്കാട് | 118070900072/22-03-2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | പൊതുപരാമർശങ്ങൾ | ചോലക്കുഴി റോഡ് കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(3) | 2010-11 | | | നടപടി തുടർന്നു വരുന്നു |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2007-08 മുതൽ 2009-10 വരെ | 3(2) | 2012-13 | | | നടപടി തുടർന്നു വരുന്നു |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടർന്നു വരുന്നു |
| 2014-15, 2015-16 | 2(5), 2(1), 2(2) 2(1) | 2016-17 “ | അനുബന്ധം | | “ |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1999-00 | 29(1), (2), 30 | ശ്രീ.പി.ഡി.നാരായണൻ, സെക്രട്ടറി | LF11508/Spl.Cell/SC5/04 Dt. 07.01.2016 | 3460 | തുക അടവാക്കി യിട്ടില്ല |
| 2 | 2011-12 2012-13 | 3(1) എ | ശ്രീ.എ.എം.ഷിബുസ്കോ, വി.ഇ.ഒ | LF11156/Spl.Cell/CSC/D1/15 Dt. 16.11.2017 | 8398455 | ഒ.എ 545/18KAT, EKM കേസിൽ ഉൾപ്പെട്ടു. തുക ഈൗടാക്കിയിട്ടില്ല |
| 3 | 2011-12 2012-13 | 3-8 | ശ്രീ.മുഹമ്മദ് റഹ്മത്തുള്ള | LF11156/Spl.Cell/CSC/D1/15 Dt. 16.11.2017 | 19730 | തുക അടവാക്കി യിട്ടില്ല |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 91247975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71686419 |
| വരവിനങ്ങളിലുള്ള നഷ്ടം | 47218 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3108213 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 2000 | | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി |
| 2-10 | 41835 | | |
| 2-11 | 1445 | | |

| | | | |
|---|---|---|---|
| 2-12 | 1938 | | |
| ആകെ | 47218 | 0 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 149952 | ഡോ. മുഹമ്മദ് അമീൻ, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| 3-4 | 550000 | |
| 3-5 | 1800000 | ശ്രീ. രാമചന്ദ്രൻ എം, ഹെഡ്മാസ്റ്റർ |
| 3-6 | 138720 | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി- 132720<br>ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി- 6000 |
| 3-7 | 50000 | ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 200000 | |
| 3-9 | 202591 | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി- 186407<br>ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി- 16184 |
| 3-10 | 16950 | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി |
| ആകെ | 3108213 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക 2-10, 2-11, 2-12 എന്നിവ കാണുക.

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 2-10 | 2100 | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി |
| 2-11 | 67 | |
| 2-12 | 97 | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 2-8

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി | വിരമിച്ചു | പരതയിൽ വീട്, അഗസ്ത്യമുഴി, മുക്കം പി.ഒ, കോഴിക്കോട് ജില്ല, പിൻ-673602 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1982-83 | എൽ.എഫ്.എം.9/1496/03 തി:23.10.2003 | 5 |

| | | | |
|---|---|---|---|
| 2 | 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 |
| 3 | 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 |
| 4 | 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 |
| 5 | 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 |
| 6 | 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 |
| 7 | 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 |
| 8 | 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 |
| 9 | 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 |
| 10 | 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 |
| 11 | 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 |
| 12 | 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 |
| 13 | 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 |
| 14 | 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 |
| 15 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 |
| 16 | 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം.7/1881/2017 തി. 23-10-2017 | 21 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം.7/416/2019 തി. 23-03-2019 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം.

നം. കെ.എസ്.എ.എം.പി.എം.7/1756/2019

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി:29-07-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**